## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.121 | 28/06/2016 ൽ മറുപടിക്ക് |
|---|---|

## അഴിമതിമുക്ത-മതനിരപേക്ഷ സർക്കാർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീ.പിണറായി വിജയൻ**<br>**(ബഹു.മുഖ്യമന്ത്രി)** |
| (എ) അഴിമതിമുക്ത-മതനിരപേക്ഷ സർക്കാരായി പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള ഈ സർക്കാർ ഇതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദവിവരം നൽകുമോ? | (എ) അഴിമതിമുക്ത-മതനിരപേക്ഷ സർക്കാരായി പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള ഈ സർക്കാർ അഴിമതിയോട് വിട്ടുവീഴ്ച ഇല്ലാത്തതും പ്രകടവും ശക്തവുമായ നയം പിന്തുടരുക എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>1.എല്ലാ വകുപ്പുകളും നിർബന്ധിതമായും വിവരങ്ങൾ വെളിപ്പെടുത്തണം എന്ന വ്യവസ്ഥ ഏർപ്പെടുത്തുക.<br>2.കൂടുതൽ പൊതുമരാമത്ത് പ്രവർത്തികൾക്ക് ഇ-ടെൻഡർ വ്യാപിപ്പിക്കുക.<br>3.പ്രധാൻമന്ത്രി ഗ്രാം സഡക് യോജനയുടെ മാതൃകയിൽ പൊതുമരാമത്ത് പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന സംവിധാനം ഏർപ്പെടുത്തുക.<br>4.സാധനങ്ങളുടെ ഇ-പ്രൊക്യൂർമെന്റ് ഏകോപിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.<br>5.സർക്കാർ സർവ്വീസിൽ സ്ഥലംമാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുക.<br>6.എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രധാന പൊതുമരാമത്ത് പ്രവർത്തികൾക്കും സോഷ്യൽ ആഡിറ്റ് നിർബന്ധമാക്കുക.<br>7.എല്ലാ പൊതുമരാമത്ത് പ്രവർത്തികളുടെയും വിവിധ ഘട്ടങ്ങൾ പ്രസക്തമായ വിശദാംശങ്ങളോടൊപ്പം ഏതൊരു പൗരനും കാണുവാൻ സാദ്ധ്യമാകുംവിധം ജി.ഐ.എസ്-അടിസ്ഥാനമാക്കിയുള്ള ഒരു സുതാര്യ സംവിധാനത്തിലൂടെ പൊതുനിരീക്ഷണ സൗകര്യം ഒരുക്കുക.<br>കൂടാതെ അഴിമതി തുടച്ചുനീക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ വിജിലൻസ് സംവിധാനത്തെ ശക്തിപ്പെടുത്തും. സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള സാങ്കേതികവിദ്യ ഉപയോഗിച്ച് അഴിമതിക്കെതിരെ അവബോധമുണ്ടാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യും. നല്ല ഭരണത്തിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാതിര സംഘടനകൾ മറ്റ് സിറ്റിസൺ ഗ്രൂപ്പുകൾ എന്നിവ വഴി യുവജനങ്ങളുടെ സഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തും. വിജിലൻസ് സംവിധാനത്തിന്റെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നത് കുറ്റകൃത്യങ്ങൾക്ക് വഴങ്ങുന്ന സ്വഭാവമുള്ളവർ, പ്രവർത്തനങ്ങൾ സംഭവങ്ങൾ, സ്ഥലങ്ങൾ, പ്ലാനുകൾ, പദ്ധതികൾ എന്നിവ കണ്ടെത്തുന്നതിലാണ്.<br>സ്ത്രീകളെ വികസനത്തിൽ ഉൾപ്പെടുത്തുവാനും അവർക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുവാനും ലിംഗസമത്വം ഉറപ്പാക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മതേതരത്വം ദുർബലപ്പെടുത്തുന്നതിന് എതിരായ പ്രവർത്തനങ്ങൾക്കൊപ്പം, അങ്ങേയറ്റം ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ പൗരന്റെ പരാതി പരിഹാരത്തിനുമായിരിക്കും സർക്കാർ മുന്തിയ പരിഗണന നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**